# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.949 — 05.03.2018-ൽ മറുപടിക്ക്

**ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്ക് - സ്ഥലമേറ്റെടുക്കുന്നതിന് സ്റ്റാംപ് ഡ്യൂട്ടി ഇളവ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്കിന്റെ നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കുന്നതിന് സ്റ്റാംപ് ഡ്യൂട്ടി ഇളവ് ലഭ്യമാക്കുന്നത് സംബന്ധിച്ച കെ.എസ്.ഐ.ഡി.സി യുടെ അപേക്ഷയിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br><br>ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നിയമ വകുപ്പിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമ വകുപ്പിൽ നിന്നും ലഭിച്ച അഭിപ്രായം എന്തായിരുന്നുവെന്ന് അറിയിക്കുമോ? | എ) യും ബി) യും: ഇല്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ 01.01.2016 മുതൽ 30.04.2016 വരെയുള്ള മന്ത്രിസഭാ യോഗതീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ടിൽ ഇക്കാര്യം സംബന്ധിച്ച 8121 നമ്പർ തീരുമാനം പുനപരിശോധിക്കേണ്ടതില്ലെന്ന് തീരുമാനിച്ചതായി നിയമവകുപ്പ് അറിയിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ